ICPS4(A)116/21

ഐ.സിപി.എസ്
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:13.10.2021

## സർക്കുലർ

വിഷയം - വനിതാ ശിശു വികസന വകുപ്പ് - ICPS - ഉജ്ജ്വല ബാല്യം പുരസ്ക്കാരം 2020 അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നത് - പ്രസിദ്ധീകരണം സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നം.സ.ഉ(സാധാ) നം.67/2021/WCDD തീയതി:13.10.2021

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടിമേഖല, കൃഷി, മാലിന്യ മാലിന്യസംസ്കരണം, ജീവകാരുണ്യം പ്രവർത്തനം, ക്രാഫ്റ്റ്, ശില്പനിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളിൽ നിന്നും അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന 6 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ജില്ലയിൽ നിന്ന് 4 കുട്ടികൾ എന്ന രീതിയിൽ "ഉജ്ജ്വല ബാല്യം പുരസ്കാരം" നൽകുന്നതിന് മാനദണ്ഡങ്ങൾ പുതുക്കി സൂചന പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 2020-ലെ ഉജ്ജ്വല ബാല്യം പുരസ്കാരമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഉജ്ജ്വല ബാല്യം പുരസ്കാരത്തിനായി കുട്ടികളെ 6-11 വയസ്സ്, 12-18 വയസ് എന്നീ 2 വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലെയും ഓരോ കുട്ടിക്ക് പുരസ്കാരവും 25,000/- രൂപ വീതവും നൽകുന്നതാണ്.
2. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെ പ്രത്യേക വിഭാഗമായി പരിഗണിക്കുകയും, ടി കുട്ടികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 6-11 വയസും,12-18 വയസ് എന്നീ 2 വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലെയും ഓരോ കുട്ടിക്ക് പുരസ്കാരവും 25,000/- രൂപ വീതവും നൽകുന്നതാണ്.
3. 2020 ജനവരി 1 മുതൽ 2020 ഡിസംബർ വരെയുള്ള കാലയളവിലെ പ്രാഗത്ഭ്യം ലഭിച്ച കുട്ടികളെയാണ് അവാർഡിന് പരിഗണിക്കുന്നത്.
4. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി മേഖല, കൃഷി, മാലിന്യസംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പനിർമ്മാണം,

അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളിൽ ഏതെങ്കിലുമൊന്നിൽ എങ്കിലും കഴിവ് തെളിയിച്ചിട്ടുള്ളവരായിരിക്കണം.(ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ.പ്രശസ്തി പത്രങ്ങൾ.കുട്ടിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകമുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്.കലാ പ്രകടനങ്ങൾ ഉൾകൊള്ളുന്ന CD/Pendrive.പത്രകുറിപ്പുകൾ.എന്നിവ അപേക്ഷയോടൊപ്പം ഉൾകൊള്ളിക്കേണ്ടതാണ്.)

5. ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിവരം ജില്ലാ ഇൻഫോർമേഷൻ ഓഫീസുമായി ബന്ധപ്പെട്ട് പത്ര പരസ്യം നൽകേണ്ടതാണ്.കൂടാതെ ടി വിവരം പൊതു ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. കേന്ദ്ര സർക്കാരിന്റെ "National Child Award For Exceptional Achievement" കരസ്ഥമാക്കിയ കുട്ടികളെ ടി അവാർഡിന് പരിഗണിക്കേണ്ടതില്ല.
7. ഒരു തവണ ഉജ്ജ്വല ബാല്യം പുരസ്കാരം ലഭിച്ച കുട്ടികളെ പരിഗണിക്കേണ്ടതില്ല.
8. ജില്ലാ തല സെലെക്ഷൻ കമ്മിറ്റിയിൽ 7 മെമ്പർമാരാണ് ഉള്ളത്.ജില്ലാ കലക്ടർ -ചെയർമാൻ / ജില്ലാ വനിത ശിശു വികസന ഓഫീസർ- Vice Chairman /ജില്ലാ ശിശു സംരക്ഷണ ഓഫീസർ-കൺവീനർ /ബന്ധപ്പെട്ട ജില്ലയിലെ ബാലവകാശ കമ്മീഷൻ മെമ്പർ-മെമ്പർ /ബന്ധപ്പെട്ട ജില്ലയിലെ CWC ചെയർമാൻ-മെമ്പർ/ കല, കായികം, സാഹിത്യം, സാമൂഹികം എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 2 പേർ (ജില്ലാ കലക്ടർ നിർദേശിക്കും പ്രകാരം)
9. അവാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2021 ഒക്ടോബർ 30 ആണ്.അതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.
10. അതാത് ജില്ലാ കലക്ടറുമായി കൂടി ആലോചിച്ച് സെലെക്ഷൻ കമ്മിറ്റി ചേരുന്നതിനുള്ള തീയതി മുൻകൂട്ടി തീരുമാനിക്കേണ്ടതും അപേക്ഷ ലഭിക്കേണ്ട അവസാന തീയതി കഴിഞ്ഞാൽ ഉടൻ തന്നെ സെലക്ഷൻ കമ്മിറ്റി ചേരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
11. അതാത് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പ്രകാരമുള്ള സെലക്ഷൻ കമ്മറ്റി രൂപീകരിച്ച് പുരസ്കാര ജേതാവിനെ തെരഞ്ഞെടുക്കേണ്ടതും അവാർഡിന് അർഹരാകുന്ന കുട്ടിയുടെ വ്യക്തവും വസ്തുനിഷ്ഠവുമായ ശുപാർശയും റിപ്പോർട്ടും സഹിതം വിശദ വിവരങ്ങൾ 2021 നവംബർ 8 ന് 5:00 മണിക്ക് മുൻപായി SCPS ൽ ലഭ്യമാക്കേണ്ടതാണ്.

12. അവാർഡ് നവംബർ 14 ചിൽഡ്രൻസ് ഡേയോട് അനുബന്ധിച്ച വിതരണം ചെയ്യുന്നതാണ്.

13. സമയ പരിധിയും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. വിശദ വിവരങ്ങൾ വകുപ്പിന്റെ www.wcd.kerala.gov.in വെബ്സൈറ്റിലും ലഭ്യമാണ്. നിശ്ചിത തീയതിക്കകം ലഭിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

14. അവാർഡ് വിതരണം സംബന്ധിച്ച് മറ്റു നിർദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർ

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT

## ഉജ്ജ്വലബാല്യം 2020 -പുരസ്കാരത്തിന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷ ഫോം

1. പേര് (ഇംഗ്ലീഷ്) (BLOCK LETTERS) :

   (മലയാളം) :

2. വയസ്സ്,ജനന തീയതി (as on 01.01.2021) :

3. ആൺകുട്ടി/പെൺകുട്ടി/ഭിന്നലിംഗക്കാർ :

4. **പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്** :

5. **വിഭാഗം**

   **a) (പൊതു വിഭാഗം /ഭിന്നശേഷി )** :

   **b) 6-11 /12 – 18 ( age category)** :

6. കഴിവ് പ്രകടിപ്പിച്ച മേഖലകൾ :

   (പകർപ്പ് ഹാജരാക്കുക)

7. രക്ഷകർത്താവിന്റെ പേര് :

8. പൂർണ്ണമായ മേൽവിലാസം :

9. ടെലഫോൺ നമ്പർ :

10. മറ്റു വിവരങ്ങൾ :

## സാക്ഷ്യ പത്രം

..................................................... എന്ന ഞാൻ ഈ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ പൂർണ അറിവും വിശ്വാസവുമനുസരിച്ച് സത്യമാണെന്നും,നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായിട്ടാണ് ഉജ്ജ്വല ബാല്യം പുരസ്കാരത്തിന് അപേക്ഷിച്ചിട്ടുള്ളതെന്നും, ഈ കാര്യത്തിൽ പ്രസക്തിയുള്ള യാതൊരു വസ്തുതയും മറച്ചുവെയ്ക്കുകയോ വെളിപ്പെടുത്താതിരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ പരിശോധനയിൽ ഏതെങ്കിലും ഘട്ടത്തിൽ തെറ്റാണെന്ന് ബോധ്യപ്പെടുന്ന പക്ഷം എന്റെ അപേക്ഷ നിരസിക്കാവുന്നതാണ്.

കുട്ടി/രക്ഷകർത്താവ്/സംഘടന പേരും ഒപ്പും

തീയതി:

സ്ഥലം: